പ്ലസ് ടു പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിന് മുമ്പും ശേഷവും കൗൺസിലിംഗ് നടത്തിവരുന്നു. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിലും ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി കാസർഗോഡ്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള തലങ്ങളിൽ ക്ലിനിക്കുകൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ആത്മഹത്യാ പ്രവണത കുറയ്ക്കുവാനുള്ള കൗൺസിലിംഗും ചികിത്സയും നൽകിവരുന്നു. അവബോധ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ജനകീയ പങ്കാളിത്തത്തോടെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഓരോ വർഷവും എസ്.എസ്.എൽ.സി. പരീക്ഷാഫലം പ്രഖ്യാപിക്കുമ്പോൾ അമ്മ ചീത്ത പറഞ്ഞതിന്, ശാസിച്ചതിന് ദുർബലമായ മനസ്സിന്റെ ഉടമകളായി നമ്മുടെ കുട്ടികൾ മാറിക്കൊണ്ടിരിക്കുകയാണ്. ആവശ്യമായ കൗൺസിലിംഗ് സംവിധാനം സ്കൂളുകളിൽ ഇല്ല. സാന്ത്വന ചികിത്സ നൽകാൻ പ്രാപ്തരായ ആളുകളില്ല. ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ ഇതിനൊരു പ്രത്യേക നയം രൂപവൽക്കരിക്കാൻ തയ്യാറാകുമോ ?

ഡോ. തോമസ് ഐസക് : സർ, ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിന് തൊട്ടുമുമ്പും പിമ്പും കുട്ടികൾക്ക് കൗൺസിലിംഗ് നടത്തിവരുന്നുണ്ട്. അത് കൂടുതൽ വ്യാപകമാക്കുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്. അതുപോലെതന്നെ ഇത്തവണത്തെ ബഡ്ജറ്റിൽ സാന്ത്വന ചികിത്സയ്ക്കുവേണ്ടി ആദ്യമായി തുക പ്രത്യേകം വകയിരുത്തിയിട്ടുണ്ടെന്നും മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

IV സബ്മിഷൻ

1. കേന്ദ്ര സർവ്വകലാശാലയുടെ കീഴിൽ ആരംഭിക്കുന്ന മെഡിക്കൽ കോളേജ്

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, കേന്ദ്ര സർവ്വകലാശാലയുടെ കീഴിൽ ഒരു മെഡിക്കൽ കോളേജ് കേരളത്തിൽ അനുവദിക്കുകയും അത് വിദ്യാഭ്യാസപരമായി വളരെ പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിൽ ആരംഭിക്കാനാവശ്യമായ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. സ്ഥലമെടുപ്പ് സംബന്ധിച്ച തർക്കങ്ങൾ കാരണം കാലതാമസം നേരിടുകയാണ്. വളരെ നേരത്തെതന്നെ ഏറ്റവും അനുയോജ്യമായ സ്ഥലം ഞങ്ങളെല്ലാം നിർദ്ദേശിച്ചിരുന്നു. നാഷണൽ ഹൈവേയുടെ തൊട്ടടുത്തുള്ള പെരിയയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലം ഇതിന് ചൂണ്ടിക്കാണിച്ചുവെങ്കിലും അത് പരിഗണിക്കാതെ പോയി. ഏതായാലും ഈ ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ പെരിയയിലുള്ള 310 ഏക്കർ സ്ഥലത്ത് കേന്ദ്ര സർവ്വകലാശാലയുടെ കീഴിൽ മെഡിക്കൽ കോളേജ് ആരംഭിക്കാനാവശ്യമായ സർവ്വേ നടപടികൾ ആരംഭിച്ച സംസ്ഥാന ഗവൺമെന്റിനെയും കേന്ദ്ര സർവ്വകലാശാല കാസർഗോഡ് അനുവദിച്ച കേന്ദ്ര ഗവൺമെന്റിനേയും ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. കേന്ദ്ര സർവ്വകലാശാലയോട് അനുബന്ധിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജ് വിദൂര സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള സമ്മർദ്ദങ്ങൾ നടന്നുവരുന്നതായി അറിയുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് മെഡിക്കൽ കോളേജുകൾ തീരെയില്ലാത്ത ഒരു ജില്ലയാണ് കാസർഗോഡ്. അതുകൊണ്ട് ഈ മെഡിക്കൽ കോളേജ് ഒരു കാരണവശാലും കാസർഗോഡ് ജില്ലയിൽനിന്ന് മാറ്റാൻ പാടില്ല. കേന്ദ്ര സർവ്വകലാശാല സ്ഥാപിക്കുന്ന അതേ കാമ്പസിൽതന്നെ മെഡിക്കൽ കോളേജ് ആരംഭിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, കാസർഗോഡ് ജില്ലയിൽ പെരിയയിലെ കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ 310 ഏക്കർ സ്ഥലം കേന്ദ്ര സർവ്വകലാശാലയ്ക്ക് അനുവദിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. എന്നാൽ കേന്ദ്ര സർവ്വകലാശാലയുടെ കീഴിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള ശിപാർശയോ അത് ജില്ലയ്ക്ക് പുറത്തുകൊണ്ടുപോകുന്നതിനുള്ള നിർദ്ദേശമോ ഔപചാരികമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഇതുവരെ ലഭിച്ചിട്ടില്ല. ഔപചാരികമായി എന്തെങ്കിലും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് വിഷയം പരിശോധിക്കുന്നതാണ്.

2. വനം വകുപ്പ് ഉദ്യോഗസ്ഥർ പിടിച്ചെടുത്ത ഭൂമി

ശ്രീ. പി. കൃഷ്ണപ്രസാദ് : സർ, വയനാട് ജില്ലയിലെ കാഞ്ഞിരത്തിനാൽ ജോർജ്ജ്, സഹോദരൻ ജോസ് എന്നിവരുടെ ഭൂമി 2006-ലെ മന്ത്രിസഭാ തീരുമാനപ്രകാരം വിട്ടുകൊടുക്കാൻ തീരുമാനിച്ചിരുന്നു. വനം വകുപ്പിന്റെ രേഖകൾ പ്രകാരവും ഫോറസ്റ്റ് ട്രൈബ്യൂണലിന്റെയും ഹൈക്കോടതിയുടെയും നിലവിലുള്ള വിധികൾ പ്രകാരവും പ്രസ്തുത ഭൂമി വനഭൂമിയാണ്. എന്നാൽ 2007-ൽ ഇത് സംബന്ധിച്ച് പരിശോധിച്ച കോഴിക്കോട് ഫോറസ്റ്റ് മിനിസർവ്വേ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ സർവ്വേ നമ്പർ 239/9-ന്റെ സബ് ഡിവിഷണൽ സ്റ്റേറ്റ്മെന്റ് കൃത്രിമമായി തയ്യാറാക്കിയതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2007-ൽ റിപ്പോർട്ട് കിട്ടിയിട്ടും ഇത് സംബന്ധിച്ച് പരിശോധിക്കാനോ യഥാർത്ഥ വസ്തുതകൾ കണ്ടെത്തി ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകാനോ തയ്യാറാകാതെ പ്രിൻസിപ്പൽ സി.ഡി.എഫ്. ശ്രീ. ടി. എ. മദനഹരന്റെ നേതൃത്വത്തിലുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഈ കുറ്റം മറച്ചുപിടിക്കാനാണ് കഴിഞ്ഞ മൂന്ന് കൊല്ലമായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ റൈറ്റ് ടു ഇൻഫർമേഷൻ ആക്ട് പ്രകാരം ഈ സ്റ്റേറ്റ്മെന്റ് കൃത്രിമമായി തയ്യാറാക്കിയതാണെന്നും ഫോറസ്റ്റിന്റെ ഭൂമിയെന്ന് ഇവർ അവകാശപ്പെടുന്ന ഭൂമി ഫോറസ്റ്റിന്റെ തന്നെ രേഖകളിൽ വെട്ടിത്തിരുത്തി തരിശായി കിടക്കുന്ന സ്വകാര്യ പാട്ടഭൂമി എന്നാണ് കാണിച്ചിരിക്കുന്നത് എന്നുള്ള വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ സമർപ്പിച്ചിട്ടുള്ളതാണ്. വനം വകുപ്പിലെ പ്രിൻസിപ്പൽ സി.സി.എഫ്. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരെ മാറ്റി നിറുത്തിക്കൊണ്ട് മന്ത്രിസഭാ തീരുമാനം നടപ്പിലാക്കാനും യഥാർത്ഥ വസ്തുതകൾ കണ്ടെത്താനും